**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3247** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ ഏനാദിമംഗലം പഞ്ചായത്തിൽ പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി തുക അനുവദിച്ച കുന്നട ഗവൺമെന്റ് യു.പി. സ്കൂളിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണത്തിന്റെ ഭരണാനുമതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) | കുന്നട സർക്കാർ യു.പി സ്കൂളിന്റെ പ്രധാന കെട്ടിടത്തിന്റെ പുറകുവശത്താണ് പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടത്. എന്നാൽ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള വഴി സൗകര്യത്തിന്റെ അഭാവം കാരണം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലാണ് ടി സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളത് |
| (ബി) | കോന്നി നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കലഞ്ഞൂർ ഗവ. എൽ.പി.സ്കൂളിലെ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ